**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3113** **11-03-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടിയിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടിയിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കുറ്റ്യാടിയിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി കുറ്റ്യാടി ടൗണിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനും കുറ്റ്യാടി മുള്ളൻകുന്ന്- പശുക്കടവ് റോഡിനേയും കുറ്റ്യാടി റിവർ റോഡിനേയും ബന്ധിപ്പിക്കുന്ന തൊണ്ടിപ്പൊയിൽ ബ്രിഡ്ജും വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ കുറ്റ്യാടി ബൈപ്പാസിന്റെ നിർമ്മാണം കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ഭരണാനുമതി നൽകുകയും ആർ.ബി.ഡി. സി.കെ യെ എസ്.പി.വി യായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ സാങ്കേതിക പഠനങ്ങൾക്കുശേഷം തയ്യാറാക്കിയ പദ്ധതി രേഖക്ക് കിഫ്ബി 37.96 കോടി രൂപ അനുവദിക്കുകയും ചെയ്തു. 1.46 കി.മീ. നീളത്തിലും 12 മീറ്റർ വീതിയിലുമാണ് ഈ ബൈപ്പാസ് നിർമ്മിക്കുന്നത്. രണ്ട് ലൈനായി നിർമ്മിക്കുന്ന റോഡിന് 7 മീറ്റർ വീതിയാണ് നൽകിയിട്ടുള്ളത്. ഇരുവശങ്ങളിലായി ഡ്രേയ്നേജ് സൗകര്യവും നൽകിയിട്ടുണ്ട്. IRC, MoRTH മാനദണ്ഡപ്രകാരം ഡിസൈൻ ചെയ്തിട്ടുള്ള റോഡ് BM, BC നിലവാരത്തിലാണ് നിർമ്മിക്കുന്നത്.<br><br>67 ഭൂഉടമകളിൽ നിന്നായി 123.81 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ആയതിന് 13,15,14,853/- രൂപ ആവശ്യമാണെന്നതിനാൽ സാമ്പത്തികാനുമതി 37.96 കോടിയിൽ നിന്ന് 39.42 കോടിയാക്കി കിഫ്ബി യിൽ നിന്നും പുതുക്കി സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ ടെണ്ടർ 27.01.2024 ന് ക്ഷണിക്കുകയും, ഏറ്റവും കുറഞ്ഞ തുകയായ 21,59,85,574.04/- രൂപ ക്വോട്ട് ചെയ്ത BAAB Construction ന് 04.09.2024 ന് LOA നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് നിർമ്മാണം |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതാണ് . ഇപ്പോൾ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി നടത്തിയ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഏത് ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ? | (ബി) | കുറ്റ്യാടിയിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി കുറ്റ്യാടി ടൗണിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനും കുറ്റ്യാടി മുള്ളൻകുന്ന്- പശുക്കടവ് റോഡിനേയും കുറ്റ്യാടി റിവർ റോഡിനേയും ബന്ധിപ്പിക്കുന്ന തൊണ്ടിപ്പൊയിൽ ബ്രിഡ്ജും വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ കുറ്റ്യാടി ബൈപ്പാസിന്റെ നിർമ്മാണം കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ഭരണാനുമതി നൽകുകയും ആർ.ബി.ഡി. സി.കെ യെ എസ്.പി.വി യായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ സാങ്കേതിക പഠനങ്ങൾക്കുശേഷം തയ്യാറാക്കിയ പദ്ധതി രേഖക്ക് കിഫ്ബി 37.96 കോടി രൂപ അനുവദിക്കുകയും ചെയ്തു. 1.46 കി.മീ. നീളത്തിലും 12 മീറ്റർ വീതിയിലുമാണ് ഈ ബൈപ്പാസ് നിർമ്മിക്കുന്നത്. രണ്ട് ലൈനായി നിർമ്മിക്കുന്ന റോഡിന് 7 മീറ്റർ വീതിയാണ് നൽകിയിട്ടുള്ളത്. ഇരുവശങ്ങളിലായി ഡ്രൈനേജ് സൗകര്യവും നൽകിയിട്ടുണ്ട്. IRC, MoRTH മാനദണ്ഡപ്രകാരം ഡിസൈൻ ചെയ്തിട്ടുള്ള റോഡ് BM, BC നിലവാരത്തിലാണ് നിർമ്മിക്കുന്നത്.<br><br>67 ഭൂഉടമകളിൽ നിന്നായി 123.81 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ആയതിന് 13,15,14,853/- രൂപ ആവശ്യമാണെന്നതിനാൽ സാമ്പത്തികാനുമതി 37.96 കോടിയിൽ നിന്ന് 39.42 കോടിയാക്കി കിഫ്ബി യിൽ നിന്നും പുതുക്കി സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ ടെണ്ടർ 27.01.2024 ന് ക്ഷണിക്കുകയും, ഏറ്റവും കുറഞ്ഞ തുകയായ 21,59,85,574.04/- രൂപ ക്വോട്ട് ചെയ്ത BAAB Construction ന് 04.09.2024 ന് LOA നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് നിർമ്മാണം ആരംഭിക്കുന്നതാണ് . ഇപ്പോൾ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ